**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**<u>പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം പരിഹരിക്കുന്നതിന് നടപടി</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1528 3/05/2017-ൽ മറുപടിക്ക്**

| **ചോദ്യം**<br>**ശ്രീ.കെ.വി.വിജയദാസ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം വർദ്ധിച്ചുവരുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) & (ബി) | പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം സംബന്ധിച്ച് മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ പ്രതികളായിട്ടുള്ള 148 കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിലേറിയതുമുതൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ ; | | |
| (സി) | ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | പോലീസിന്റെ പ്രവർത്തനം നിയമാനുസൃതമാണെന്ന് ഉറപ്പാക്കുന്നതിനും അതുവഴി അഴിമതി രഹിതവും, കൂടുതൽ മെച്ചപ്പെട്ടതുമായ പോലീസ് സംവിധാനം വാർത്തെടുക്കുകയെന്ന ഉദ്ദേശത്തോടെയും സംസ്ഥാനത്ത് ഇന്റേണൽ വിജിലൻസ് സെൽ സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കൂടുതൽ സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും, വിജിലൻസ് വകുപ്പും ഈ വിഷയം കാര്യക്ഷമമായി നിരീക്ഷിച്ചു വരുന്നു. ഇത്തരത്തിൽ കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ ശക്തമായ നടപടികൾ അനുവർത്തിച്ചുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ